തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ നവീകരണത്തിന് സാമ്പത്തിക സഹായം

35 [2162] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ നവീകരണത്തിന് ഈ സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ മില്ലിന്റെ നിലവിലുള്ള സാമ്പത്തികസ്ഥിതി അറിയിക്കാമോ;

(ഡി) മില്ലിന്റെ നടത്തിപ്പിനായി ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ മില്ലിൽ സ്ഥിരമായ ഒരു എം. ഡി. ഇല്ലാത്തത് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഒരു സ്ഥിരം എം. ഡി.-യെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് ബോർഡിൽ (കെ. ഐ. ആർ. എഫ്. ബി.) നിന്നും 175 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. 1999-2000-ൽ മില്ലിന്റെ നവീകരണത്തിന് വേണ്ടി തയ്യാറാക്കിയ 450 ലക്ഷം രൂപയുടെ പ്രോജക്ട് അംഗീകരിക്കുകയും ഘട്ടംഘട്ടമായി 410 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

(സി) 1981 മുതൽ 2004 മാർച്ച് വരെയുള്ള കാലയളവിൽ ഈ സ്ഥാപനം 2653 ലക്ഷം രൂപ അറ്റ നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സർക്കാർ കെ. ഐ. ആർ. എഫ്. ബി. എന്നിവർക്കും പഞ്ഞി വാങ്ങിയ വകയിലുമായി ഉദ്ദേശം 1898 ലക്ഷം രൂപ സാമ്പത്തിക ബാദ്ധ്യതയുണ്ട്.

(ഡി) 1. ജില്ലാ സഹകരണ ബാങ്ക്

2. സംസ്ഥാന സർക്കാർ

3. കേരളാ ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് ബോർഡ് (കെ. ഐ. ആർ. എഫ്. ബി.)

(ഇ)—(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly